
JUNE YEAR: 2021

# ബൈബിൾ ട്രൂത്ത്




# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 36** **JUNE 2021** **No. 06**


## എഡിറ്റോറിയൽ

ആചാരങ്ങളും അനുഷ്ടാനങ്ങളും ഓരോ സമുദായത്തിലും വ്യത്യസ്തമാണ്. അവയ്ക്ക് ഒന്നും വാസ്തവത്തിൽ ആധികാരികമായ അടിസ്ഥാനമില്ല എന്നതാണ് വാസ്തവം. ഇവ പിന്നെ എങ്ങനെ നിലവിൽവന്നു, അതിന്റെ ഉദ്ദേശം എന്ത്? അവയ്ക്ക് എന്തെങ്കിലും ധാർമ്മിക മൂല്യമുണ്ടോ എന്നെല്ലാം നാം ചോദിച്ച് ഉത്തരം കത്തേ തായിട്ടു്. ഏതൊരു ആചാരമായാലും അതു മാനുഷികമാണ്. ദൈവത്തിന്റെ പേരിലായാലും ഉത്ഭവം നാം പരിശോധിക്കണം. മനുഷ്യർ ദൈവത്തെ പ്രസാദിപ്പിക്കുവാനായി പല കുപിടുത്തങ്ങളും കാലാകാലങ്ങളിൽ കുപിടിച്ചിട്ടുള്ള വസ്തുത നാം വിസ്മരിക്കരുത്. മാനുഷ്യ കൽപനകൾ അനുസരിച്ചാണെങ്കിൽ അവരുടെ ആരാധന വ്യർത്ഥമാണ് എന്ന് സകല അധികാരവുമുള്ള കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്.

ഇതോടൊപ്പം ആവശ്യമില്ലാത്ത ആചാരങ്ങൾ അനാചാരങ്ങളാണ്. അവയും ദൈവം വാസ്തവത്തിൽ അംഗീകരിക്കുകയില്ല എന്നു നാം അറിയണം. സമൂഹത്തിൽ തെറ്റു കുറക്കുവാനും ധാർമ്മിക നിലവാരം ഉയർത്തുവാനുമാണ് ആളുകൾ ഇത്തരം ആചാരങ്ങളെ ആശ്രയിക്കുന്നത്. ദൈവം പറഞ്ഞിരിക്കുന്നത് മനുഷ്യരിൽ ആശ്രയിക്കുന്നതിനു പകരം യഹോവയിൽ ആശ്രയിക്കുന്നതാണ് ഉത്തമം. അതുകൊ‌ടേ എന്തെങ്കിലും പ്രയജനം ലഭിക്കയുള്ളു. മനുഷ്യർ ഇത്തരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തുന്നത് അജ്ഞത നിമിത്തമാണ്.അതായത് സത്യം അവർ അറിയാൻ ശ്രമി

ക്കുന്നില്ല. പിശാച് അവരുടെ മനസിനെ കുരുടാക്കി വെച്ചിരിക്കുന്നതാണ് കാരണം. ദൈവത്തെ കാണുവാൻ കഴിയാത്തതുപോലെ ആളുകൾക്ക് പശാചിനേയും കാണുവാൻ സാധ്യമല്ല. ദൈവത്തിന്റെ പരിജ്ഞാനം ഉൾക്കൊള്ളുവനാണ് ആളുകൾ ശ്രമിക്കേത്. സമുദായങ്ങൾക്കോ അവർ രുപപ്പെടുത്തിയ ചടങ്ങുകളോ ആചാരമോ അനുഷ്ഠാനമോ ചെയ്താൽ ആഗ്രഹങ്ങൾ സാധിക്കും എന്നാണ് ആളുകളുടെ അന്ധമായ വിശ്വാസം. അത് സത്യമല്ല. ദൈവം ആണ് നമ്മെ സൃഷ്ടിച്ചത്, നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് നമ്മെക്കാൾ കൂടുതൽ ദൈവത്തിനറിയാം.

ആകയാൽ ദൈവത്തെ നമുക്ക് കാണുവാൻ സാധ്യമല്ലെങ്കിലും അവൻ വെളിപ്പെടുത്തിയ തെളിവുകളാൽ നമുക്ക് അവനിൽ വിശ്വസിക്കാം. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നമുക്ക് വിശ്വാസം ആവശ്യമാണ്. വിശ്വസിക്കാത്തവന് ദൈവത്തെ സ്നേഹക്കുവാനോ, അവൻ വെളിപ്പെടുത്തിയ യാഥാർത്ഥ്യം ഗ്രഹിക്കുവാനോ സാധ്യമല്ല. വിശ്വാസം എന്നു പറയുന്നത് വെറും തോന്നൽ അല്ല അത് ആശ്രയമാണ്. നാം ആശ്രയിക്കേത് ദൈവത്തിലും അവന്റെ വചനത്തിലുമാണ്. നിലനിൽക്കാത്ത ഒന്നിലും നാം ശരണം വെക്കരുത്. ദൈവം എന്നേക്കുമുള്ളവനാണ്, ദൈവത്തിന്റെ വചനവും എന്നേക്കുമുള്ളതാണ്. ദൈവാനുരുപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ തങ്ങളെ കുറിച്ചു ശരിയായി മനസിലാക്കിയാൽ തെറ്റായ ആചാരങ്ങളിലേക്ക് തിരിയുകയില്ല.

കർത്താവ് ഈ ഭൂമിയിൽ മനുഷ്യപുത്രനും ദൈവപുത്രനുമായി ജീവിച്ചപ്പോൾ പഠിപ്പിച്ച കാര്യങ്ങൾ നാം തിരുവേഴുത്തിൽ നിന്നു കേട്ടു വിശ്വസിക്കയും അത് പ്രമാണിക്കുവാൻ മനസ് വെക്കുകയും ചെയ്യണം. അതിനു തടസമായി നിൽക്കുന്നത് അജ്ഞതയായാലും പാപം ആയാലും അവയെ ഉപേക്ഷിക്കുവാൻ തയ്യാറാകണം. അതിനു തീരുമാനം എടുക്കേത് നിങ്ങൾ തന്നെയാണ്. രക്ഷ ദൈവത്തിൽനിന്നു മാത്രമാണ് ലഭിക്കുന്നത്. ദൈവത്തിന്റെ ഹിതം മനസിലാക്കി ജീവിക്കുവാൻ ഇപ്പോൾ അവസരം ലഭ്യമാണ്. പിന്നീട് അത് ലഭിക്കാതെ വന്നേക്കാം. ആകയാൽ ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വാസപുര്വ്വം ഏറ്റുപറഞ്ഞു സ്നാനം ഏൽക്കുക.

★

# ഉപദേശിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുമോ?

J.C. ചോട്ട്

അജ്ഞരും പഠിക്കാത്തവരും ഉപദേശം ലഭിക്കാത്തവരുമായ ആളുകൾ രക്ഷിക്കപ്പെടുമോ എന്ന വാദഗതി നിലവിലുണ്ട്. ആളുകൾ ദൈവത്തെ കുറിച്ചു അറിയാതിരുന്നാൽ, യേശു ക്രിസ്തുവിനെ കുറിച്ചു ഒരിക്കലും അവർ കേട്ടിട്ടില്ലെങ്കിൽ, അവരോടു ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലും ആരും പ്രസംഗിച്ചിട്ടില്ലെങ്കിൽ അവർ എങ്ങനെ അവരുടെ ആത്മിയ നഷ്ടത്തെ കുറിച്ചു ബോധമുള്ളവരാകും? രക്ഷയുടെ ആവശ്യം എങ്ങനെ തിരിച്ചറിയും? ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം അറിയാത്തവർക്കു എന്തു സംഭവിക്കും എന്നെല്ലാം ആളുകൾ ചോദിക്കാറുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും അറിയാത്തകൊണ്ടു കർത്താവ് ഒരിക്കലും അവരെ ശിക്ഷിക്കുകയോ നരകത്തിലേക്കു അയക്കുകയോ ചെയ്യുകയില്ല എന്ന അന്തിമ തീരുമാനത്തിലെത്തുകയാണ് ഇവർ. എന്താണ് ഇതിലുള്ള ആധികാരിത എന്നു നാം അറിഞ്ഞിരിക്കണം.

ഈ ദയനീയമായ കാര്യകാരണ വിചാരത്തിലെത്തുന്നവരും എല്ലാവരും ഓർമ്മിക്കേണ്ട കാര്യമെന്തെന്നാൽ എല്ലാവരും പാപികളാണ് എന്നും ക്ഷമിക്കപ്പെടാത്ത പാപമാണ് നമ്മെ ശിക്ഷിക്കുന്നതു, അല്ലാതെ ദൈവമല്ല എന്നും തിരിച്ചറിയണം (റോമർ 3:23). നന്മയും തിന്മയും തിരിച്ചറിയാവുന്ന ഏതൊരാളും തിന്മ തിരഞ്ഞെടുത്തു പാപിയായി തീരുമ്പോൾ കുറ്റവാളിയായി തീരുന്നു.

അതുകൊണ്ടു അങ്ങനെയുള്ള ഒരാൾക്കും സ്വയമായി നരക ശിക്ഷയിൽ നിന്നു ഒഴിഞ്ഞുമാറാവുന്നതല്ല.

ലളിതവും എന്നാൽ ഇതിനു സമാന്തരവുമായ ഒരു ചിത്രീ കരണം നോക്കാവുന്നതാണ്. ഒരു മാരകമായ രോഗത്തിനു ലോകത്തെ മുഴുവൻ തുടച്ചു മാറ്റാൻ കഴിയും. മനുഷ്യരിൽ അതു പടർന്നു വ്യാപിക്കും എന്നർത്ഥം. അതിൽ നിന്നുള്ള സംരക്ഷ ണത്തിനും രോഗത്തിനും ഒരു പ്രതിരോധ മരുന്നും ഇല്ല. ആ രോഗം ബാധിച്ചാൽ മരണം മാത്രമാണ് അവശേഷിക്കുന്നതു. മനുഷ്യർക്ക് ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അതേ അവസ്ഥയാണ് പാപത്തെ സംബന്ധിച്ചും.

നിസഹായമായ ഈ ആത്മീയാവസ്ഥയെ തിരിച്ചറിഞ്ഞു കൊണ്ടു നാം, ദൈവം മനുഷ്യനായി ഭൂമിയിൽ വന്നു ക്രൂശിൽ മരിച്ച യേശു ക്രിസ്തുവിനെ ഓർമ്മിക്കുക. രക്ഷയ്ക്കുള്ള വഴി ഒരുക്കുന്നതിനു വേണ്ടിയാണ് അവൻ അതു ചെയ്തതു (യോ ഹന്നാൻ 14:6). സർവ്വ ലോകത്തിനും ഒരു മോചനത്തിന്റേയും സംരക്ഷണത്തിന്റേയും വഴിയാണ് അവൻ ഒരുക്കിയത്. സൗഖ്യം ലോകത്തിനു സാദ്ധ്യമാക്കി. മരണകരമായ പാപത്തിന്റെ ബാധ യിൽ നിന്നു രക്ഷ നേടുവാൻ എല്ലാവർക്കും കഴിയുമാറാക്കി.

എന്നാൽ പാപ രോഗത്തിൽ നിന്നു ക്രിസ്തുവിന്റെ ജഢിക മരണവും രക്തവും എങ്ങനെ രക്ഷിക്കും? യേശുവിന്റെ മരണ ശേഷം അവൻ ഉയിർത്തെഴുന്നേറ്റു, ശിഷ്യന്മാരോടു അരുളിച്ചെ യ്തതു: നിങ്ങൾ ഭുലോകത്തിൽ പ്രസംഗിപ്പിൻ; വിശ്വസിക്കു കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും (മർക്കൊസ് 16:15-16). സുവിശേഷമാണ് പ്രതിവിധി എന്നു ചുരു

ക്കം. അതാണ് ഇന്നു ലോകത്തിനാവശ്യം. സുവിശേഷത്തെ മാറ്റി നിർത്തിയാൽ പാപത്തിനു പരിഹാരമില്ല.

ആകയാൽ പാപത്തിൽ നഷ്ടപ്പെട്ടവരോടു സുവിശേഷം അറിയിക്കേണ്ടതു ക്രിസ്ത്യാനികളുടെ കർത്തവ്യമാണ്.

ആ വാർത്ത കേൾക്കുന്നുവർ സന്തോഷത്തോടെ കൈക്കൊള്ളുകയും അനുസരിക്കുകയും ചെയ്യുമ്പോൾ അതിന്റെ ഫലം അനുഭവിക്കും. വെള്ളത്തിൽ സ്നാനമേൽക്കുമ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്ന ദൈവ വാഗ്ദാനം നിറവേറപ്പെടുന്നു. അങ്ങനെ അവരിലുള്ള മരണകരമായ രോഗം ഭേദമാവുകയും അവർ ജീവിക്കുകയും ചെയ്യുന്നു.

പക്ഷേ നാം ഈ സന്ദേശം വിശ്വസിക്കാത്തവരിൽ എത്തിച്ച ശേഷം അവർ ഇതു കേട്ടിട്ടു വിശ്വാസിക്കാതെ തള്ളിക്കളയുകയാണെന്നു വിചാരിക്കുക. അതായതു അവർ കർത്താവിൽ വിശ്വസിക്കുകയോ അവന്റെ ഉപദേശങ്ങളെ അനുസരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ താത്വികമായി അവർ നഷ്ടപ്പെട്ടവരുടെ പട്ടികയിലാണെന്നു തീർച്ചപ്പെടുത്താം. കാരണം അവർ കർത്താവിന്റെ രക്ഷാമാർഗ്ഗത്തെ നിരസിസിച്ചിരിക്കയാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെയെല്ലാം പരിഗണിച്ചുകൊണ്ടു നമുക്കു ചിലരുടെ ചോദ്യമായ ഉപദേശിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുമോ എന്ന വിഷയത്തിലേക്കു തിരിയാം. കർത്താവിന്റെ കരുണയെയും ദീർഘക്ഷമയെയുമാണ് അവർ എടുക്കുന്നതു. ഉപദേശം ലഭിക്കാത്തവർ രക്ഷിക്കപ്പെടുമെങ്കിൽ ക്രിസ്തു പാപത്തിനായി മരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല; സുവിശേഷം ലോകത്തിൽ എങ്ങും പ്രചരിപ്പിക്കേണ്ട ആവശ്യം

വരുന്നില്ല. നഷ്ടപ്പെട്ട ആളുകൾക്കു രക്ഷാ സന്ദേശം അനിവാര്യമാണ്. അവർ ദൈവ വചനം കേൾക്കേണ്ടതുണ്ട്. അതിനുള്ള അവസരമാണ് ദൈവം ഒരുക്കുന്നത്. സുവിശേഷം എന്നതു ശിക്ഷാ സന്ദേശമല്ല; രക്ഷാ സന്ദേശമാണ്. മാനുഷിക തത്വമനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നതു. ദൈവത്തിന്റെ ആജ്ഞ ആളുകൾ അങ്ങനെ തന്നെ അനുസരിക്കണം.

സുവിശേഷം കേട്ടവർ വിശ്വസിക്കുകയും അനുസരിക്കയും ചെയ്യാതിരുന്നതിനു അവരെ ശിക്ഷക്കും. അനുസരിച്ചവർ അതു മറ്റുള്ളവരെ അറിയിച്ചില്ലെങ്കിൽ അവരെയും ശിക്ഷിക്കും. അതാണ് ദൈവ നീതി. ലോകത്തെ അജ്ഞതയിൽ നിർത്തുവാനല്ല ദൈവം ആഗ്രഹിക്കുന്നതു. എല്ലാവരും ദൈവ പരിജ്ഞാനത്തിലെത്തുവാൻ ദൈവം ഇച്ഛിക്കുന്നു (1 തിമൊഥെയാസ് 2:4).

ലോകത്തിൽ ഒരു മാരക രോഗം പടർന്നു പിടിച്ചാൽ ആ രോഗം ജനസംഖ്യയെ മുഴുവൻ തുടച്ചു മാറ്റിക്കൊണ്ടിരിക്കുമ്പോൾ അജ്ഞത ഏതെങ്കിലും വ്യക്തിയെ രക്ഷിക്കുമോ? അല്ലെങ്കിൽ അറിവില്ലായ്മ രക്ഷക്കോ പ്രതിവിധിക്കോ കാരണമാകുമോ? അതിൽ നിന്നു സൗഖ്യം കിട്ടുന്നതെങ്ങനെ എന്നു ആരും ഒരു വ്യക്തിയോടു പറഞ്ഞിട്ടില്ല എന്ന കാരണത്താൽ രോഗം വരാതിരിക്കുമോ? രോഗം വന്നാൽ മരിക്കാതിരിക്കുമോ? അജ്ഞതയിലും അയാൾ മരിക്കും എന്നതാണ് വാസ്തവും. പാപത്തെ സംബന്ധിച്ചും അതു തന്നെയാണ് യാഥാർത്ഥ്യം.

അജ്ഞത, പാപത്തിൽ നിന്നു ഒരാളെ രക്ഷിക്കുന്നതില്ല. അതുപോലെ അവിശ്വാസം, അനുസരണക്കേട്, അവിശ്വസ്തത, എന്നിവക്കൊന്നും ആരെയും രക്ഷിപ്പാൻ കഴിയുകയില്ല. ഭൗതിക

ലോകത്തിൽ പോലും അസംഖ്യം നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങളെ നാം ലംഘിക്കുമ്പോൾ അറിയാതെ ചെയ്താൽ പോലും അതിന്റെ അനന്തര ഫലം നാം അനുഭവിക്കേണ്ടി വരും. നിയമപാലകർ എന്തു പറയുമെന്നോ? നിയമങ്ങൾ ചോദിച്ചറിയുകയും അനുസരിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണ് എന്നത്രെ. ദൈവത്തിന്റെ അദൃശ്യമായ ലക്ഷണങ്ങൾ ലോകസ്ഥാപനം മുതൽ അവന്റെ അദൃശ്യ ശക്തിയും ദൈവികത്വവും നമ്മുടെ ബുദ്ധിക്കു തെളിവാകേണ്ടതിനു വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ആർക്കും യാതൊരു ഒഴിവുകഴിവുമില്ല (റോമർ 1:20).

✶

# ക്രിസ്ത്യാനിയും സർക്കാരും

റോഡ് റുതർഫോർഡ്

ഒരു ക്രിസ്ത്യാനിക്കു ഗവൺമെന്റിനെ സേവിക്കാമോ? തിരഞ്ഞെടുപ്പിൽ ക്രിസ്ത്യാനികൾക്കു വോട്ടു രേഖപ്പെടുത്തുമോ? അവർക്കു ദേശീയ പതാകയെ വന്ദിക്കുകയും ദേശീയഗാനം ആലപിക്കുകയും ചെയ്യാമോ? ഈ ചോദ്യങ്ങൾ എല്ലാം ചോദിക്കപ്പെടാൻ കാരണമുണ്ട്. രാഷ്ട്രീയ നേതാക്കളിൽ ചിലർ സത്യസന്ധരല്ല; മറ്റു ചിലർ അഴിമതിക്കാരാണ്. സർക്കാരിൽ ജോലി ചെയ്യുന്നവരിൽ ഏതാനും പേർ ഇത്തരക്കാരാണ്. ബൈബളിൽ എന്താണ് ഇതിനെ കുറിച്ച് പറയുന്നതു?

യേശു ഈ ഭൂമിയിൽ ശാരീരികമായി വസിച്ചിരുന്നപ്പോൾ ഇസ്രായേൽ ദേശം ഭരിച്ചിരുന്നതു റോം ആയിരുന്നു. യെഹൂ

ദൻമാർ റോമാക്കാരെ വെറുത്തിരുന്നു. റോമൻ ഉദ്യോഗസ്ഥൻമാർ പലപ്പോഴും അഴിമതിക്കാരും അടിച്ചമർത്തുന്നവരും ആയിരുന്നു. ഒരിക്കൽ പരീശന്മാർ യേശുവിനെ കുടുക്കുവാൻ ശ്രമിച്ചു. അവർ അതിനു യേശുവിനോടു ഒരു ചോദ്യം ചോദിച്ചു. കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു ചോദിച്ചു (മത്തായി 22:15-22). കരം കൊടുക്കുന്നതു തെറ്റാണെന്നു പറഞ്ഞാൽ റോമാ ഭരണാധികാരിക്കു അവനെ ഏല്പിച്ചു കൊടുക്കാം. കരം കൊടുക്കുന്നതു നല്ലതാണെന്നു പറഞ്ഞാൽ അവൻ യെഹൂദൻമാരുടെ അപ്രീതിക്കിരയാകും. അവർ വിചാരിച്ചതു അവനെ ഈ ചോദ്യത്തിൽ കുടുക്കാമെന്നാണ്. യേശു അവരോടു ഒരു റോമാ നാണയം കൊണ്ടു വരാൻ ആവശ്യപ്പെട്ടു. അതിേ ലുള്ള പടവും മേലെഴുത്തും ആരുടേത് എന്നു ചോദിച്ചു. കൈസരുടേത് എന്നു അവർ ഉത്തരം പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കട്ടെ എന്നു പറഞ്ഞു (മത്തായി 22:21).

ഓരോ ക്രിസ്ത്യാനിയും രണ്ടു രാജ്യങ്ങളിലാണ് ജീവിക്കുന്നതു. ഒന്നു ഭൗതികവും മറ്റേതു ആത്മികവും ആണ്. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളായ നാം ക്രിസ്തുവിന്റെ ആത്മീയ രാജ്യത്തിലെ പൗരൻ മാരുമാണ്. നാം ഈ രണ്ടു രാജ്യത്തിലും നമ്മുടെ കർത്തവ്യം നാം നിർവ്വഹിക്കണം.

ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും റോമിന്റെ വാഴ്ച്ചയിലായിരുന്ന സമയത്തായിരുന്നു അപ്പൊസ്തലനായിരുന്ന പൗലോസ് ജീവിച്ചിരുന്നത്. അവൻ റോമാ പൗരനായിരുന്നു (പ്രവൃത്തി 22:25-29). റോമാ ചക്രവർത്തിമാരിൽ വെച്ചോറ്റവും

ക്രൂരനും അക്രമിയുമായിരുന്ന ഒരാളായിരുന്നു നീറോ. ആ സമയത്താണ് പൗലോസ് എഴുതിയത്. എല്ലാ മനുഷ്യരും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലൊ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക. എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിന്റെ നന്മക്കായിട്ടില്ല അവൻ ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നതു. നീതി ചെയ്താലോ ഭയപ്പെടുക; വെറുതെയല്ല അവൻ വാൾ വഹിക്കുന്നതു.

(ശേഷം അടുത്ത ലക്കത്തിൽ)

✶

# ദൈവാശ്രയം ഭയത്തെ നീക്കുന്നു

ഡേവിഡ്. എം.

ഉറച്ച ദൈവ വിശ്വാസം നമ്മെ പല വിധത്തിൽ സഹായിക്കും. പലരും ജീവിതത്തിൽ പതറി വീഴുന്നതിന്റെ മുഖ്യ കാരണവും മറ്റൊന്നല്ല. പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ചരിത്ര പുരുഷന്മാർ അവരുടെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ നമ്മെ ഉത്തേജിപ്പിക്കുന്നതാണ്. അതുകൊണ്ടു നമുക്കു ധൈര്യമായി പറയാം– കർത്താവു എനിക്കു

തുണ ഞാൻ ആരെ പേടിക്കും? മനുഷ്യൻ എന്നോടു എന്തു ചെയ്യും? (എബ്രയാർ 13:6). ദൈവം സർവ്വ ശക്തനാണ്. സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന ദൈവം അനുവദിക്കാതെ എതിരായി ആർക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ദൈവത്തിലുള്ള ആശ്രയം നമ്മെ ധൈര്യപ്പെടുത്തുന്നു നമുക്കു ചുറ്റും ഉള്ളവർ എന്തിനെയെങ്കിലും ചൊല്ലി ഭയപ്പെടുമ്പോൾ നമുക്കു ധൈര്യം പകരുന്നതു ദൈവമാണ്. കടലിൽ നിന്നു അറിയാതെഅടിച്ചുയരുന്ന തിരമാലകൾ പോലെ കുഴപ്പങ്ങൾ ഒന്നൊന്നായി വന്നാലും യഹോവയായ ദൈവത്തിൽ നങ്കൂരം ഉറപ്പിച്ചവർ ഒരിക്കലും കുലുങ്ങി പോകയില്ല. കടലിൽ നിന്നു കപ്പൽ കരക്കടുപ്പിക്കാൻ കഴിവുള്ളവനാണ് നമ്മുടെ കപ്പിത്താനായ യജമാൻ. അവൻ നമ്മെ നിത്യ തീരമായ സ്വർഗ്ഗീയ വിശ്രമ ദേശത്തേക്കു എത്തിക്കുവാൻ മതിയായവനാണ്. ഇവിടെ നാം അനുഭവിക്കുന്ന അനിശ്ചിതാവസ്ഥയൊ നിരാശയോ ഒന്നും അവിടെ ഓർക്കേണ്ട കാര്യമില്ല. ഒരിക്കലും അവസാനിക്കാത്ത പ്രകാശവും ആനന്ദവുമായിരിക്കും അവിടെ അനുഭവപ്പെടുക.

തന്റെ ഹൃദയത്തിൽ പൂർണ്ണാശ്രയം വെച്ച ഒരാട്ടിടയനായിരുന്നു ബാലനായിരുന്ന ദാവീദ്. ഭയരഹിതമായ വ്യക്തിത്വം എങ്ങനെയായിരിക്കും എന്നതിനു നല്ലൊരു ഉദാഹരണം ആണ് ദാവീദ്. ഒരു അജാനുബാഹു ആയിരുന്ന ഗോല്യാത്ത് വലിയൊരു പർവ്വതത്തിനു മുകളിൽ കയറി ഇസ്രായേൽ ദേശത്തിനെതിരെ വെല്ലുവിളി ഉയർത്തിയപ്പോൾ ഇസ്രായേൽ പടയിൽ ഉണ്ടായിരുന്ന ആളുകളിൽ ദാവീദ് ഒഴിച്ച് എല്ലാവരും ഭയന്നു വിറച്ചു. ഒരു ബാലനായിരുന്നതുകൊണ്ടു ഗോല്യാത്തിനെ എതിർക്കുവാൻ

തക്ക ശക്തി അവനില്ല എന്നതു രാജാവായിരുന്ന ശൗൽ പറഞ്ഞു. പക്ഷേ ദാവീദ് രാജാവിനോടു പറഞ്ഞതെന്തെന്നാൽ തന്നെ കരടിയുടെ കയ്യിൽ നിന്നു രക്ഷിച്ച ദൈവത്തിനു ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ വിടുവിപ്പാൻ കഴിയും എന്നത്രെ. ദാവീദ്, ഗോല്യാത്തിനെ നേരിട്ട സമയത്തു വാസ്തവത്തിൽ അവനെ കരുണയില്ലാത്ത വിധം കളിയാക്കി. അവന്റെ മാംസം, ആ ഗോല്യാത്ത് ആകാശത്തിലെ പക്ഷികൾക്കു കാട്ടിലെ മൃഗങ്ങൾക്കും കൊടുക്കും എന്നാണ് പറഞ്ഞതു. എന്നാൽ ദാവീദ്, ശാന്തമായി പറഞ്ഞു: ദൈവം അവനെ ഇന്നു തന്റെ കയ്യിൽ ഏല്പിക്കുകയും അവനും ആ കരടിയെയും സിംഹത്തെയും ആകും എന്ന് (1 ശമുവേൽ 17:32-50).

എതിർപ്പുകളുടേയും തടസങ്ങളുടേയും മദ്ധ്യേ ഒരാൾ തന്റെ ഹൃദയം ദൈവത്തിൽ ഉറപ്പിക്കുന്നുവെങ്കിൽ ഭയം അയാളിൽ നിന്നകലും. നിങ്ങൾക്കു കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു നീങ്ങി കടലിൽ പോക എന്നു പറഞ്ഞാൽ സംഭവിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള തടസങ്ങൾ ചിലപ്പോൾ ഗോല്യാത്തിനെപോലെ അസാദ്ധ്യമായി തോന്നാം. ഇതെങ്ങനെ തരണം ചെയ്യും എന്നാലോചിച്ച് നാം വ്യാകുല ചിത്തരായിരിക്കും. എന്നാൽ നമ്മുടെ ആശ്രയം ദൈവത്തിൽ ആണെങ്കിൽ തടസങ്ങളും എതിർപ്പുകളും എത്ര വലുതായാലും അതു നാം അറിയാതെ മാറിപോകുന്നതു കാണാം. പക്ഷേ നാം നമ്മുടെ ബുദ്ധിയിലും കഴിവിലും, ആശ്രയിക്കുന്നതുകൊണ്ടാണ് പരാജയപ്പെടുന്നതു. പൂർണ്ണാശ്രയം ദൈവത്തിൽ അർപ്പിച്ചിരിക്കുന്നവർ ജീവിതത്തിൽ വിജയയികളായി തീരും എന്നതാണ് പരമാർത്ഥം.

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സിയോൻ പർവ്വതം പോലെയാകുന്നു. ദൈവമാണ് നമ്മുടെ രക്ഷകൻ; അവൻ മുൻപും പിൻപും നമ്മുടെ തുണയാകുന്നു (സങ്കീർത്തനങ്ങൾ 125:1). ദൈവത്തിൽ ആശ്രയം വെക്കുക എന്നു പറഞ്ഞാൽ അവന്റെ വിശുദ്ധവചനത്തെ വിശ്വാസത്തോടെ അനുസരിക്കുക എന്നാണ്. അവന്റെ വചനത്തിൽ നിന്നു മാറാതെ അതിൽ വസിക്കണം. ഭൂമിയിലെ സർവ്വ ദുഷ്ടാത്മ ശക്തികളും ഒന്നായി എതിരിട്ടാലും നീതിമാനായ ദൈവം നമ്മെ തന്റെ നീതി പാതകളിൽ നിലനിർത്തും. ആശ്രയത്തിലാണ് ശക്തി എന്നു പിശാചിനു നന്നായറിയാം. അതുകൊണ്ടാണ് ആളുകളിൽ സംശയത്തിന്റെ വിത്തു പോകുന്നതു. അതുകൊണ്ടു പിശാചിനോടു എതിർത്തു നില്പാൻ വചനം പഠിച്ച് അതിൽ സ്ഥിരത പൂണ്ടു ജീവിക്കുക.

✶

## പ്രസംഗം തൊഴിലോ കഷ്ടാനുഭവമോ?

**ജോണി. ആർ.**

പ്രസംഗം എല്ലാ ദിക്കിലും എത്തിക്കേണ്ട ആവശ്യകത ഏറിയതാകയാൽ പലപ്പോഴും സഹോദരങ്ങൾ അതിന്റെ യഥാർത്ഥ വീര്യം നഷ്ടപ്പെടുത്തുന്നു എന്നു സംശയിക്കപ്പെടുന്നു. ഒരു സുവിശേഷകൻ തന്റെ ശുശ്രൂഷയുടെ പൂർണ്ണ തെളിവു പ്രകടിപ്പിക്കേണ്ടതാണല്ലോ. കർത്താവിന്റെ ദാസൻ തന്റെ ദൗത്യ നിർവ്വഹണത്തിൽ വെള്ളം ചേർക്കാൻ പാടില്ല (2 തിമൊഥെ

യൊസ് 4:15). നാം എല്ലാവരും മനസിലാക്കേണ്ടതു സുവിശേഷ പ്രസംഗം ഒരു പീഢാനുഭവമാണ്. അല്ലാതെ വെറുമൊരു തൊഴിൽ അല്ല. നാമധേയ വിഭാഗങ്ങൾ അവരുടെ ഉപദേഷ്ടാക്കന്മാരെ പാസ്റ്റർമാരായി നിയമിക്കുകയും സഹോദരന്മാരുമായി കാപ്പി കുടിക്കുന്നതിനും രാഷ്ട്രീയ, സാമുഹ്യ കാര്യങ്ങളിൽബദ്ധശ്ര ദ്ധാലുക്കൾ ആക്കുകയും ചെയ്യുന്നു. അത്തരം ആശയങ്ങൾ ഒന്നും ബൈബിൾ നമ്മെ പഠിപ്പിക്കുന്നില്ല. എങ്കിലും ദശലക്ഷ ക്കണക്കിനു ആളുകൾ അങ്ങനെ വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുന്നു.

കർത്താവിന്റെ സഭയിൽ പോലും ആയിരക്കണക്കിനു സഹോദരങ്ങൾ ഇത്തരം ഗൗരവമുള്ള കാര്യങ്ങളിൽ തെറ്റായി നയിക്കപ്പെടുന്നുണ്ട്. നാം ലോകത്തെ സുവിശേഷീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം പുതിയ നിയമ ഉപദേശത്തിലേക്കു മടങ്ങി വരണം. സുവാർത്താ പ്രഖ്യാപനത്തിനു ആ മാതൃകയാണ് നാം എടുക്കേണ്ടതു. ബൈബിൾ വായിച്ച്, പഠിച്ച്, പ്രാർത്ഥിച്ച്, പ്രബോധിപ്പിക്കേണ്ടവർ, അതിനുപകരം സാമൂഹ്യവും ലൗകിക വുമായ കാര്യങ്ങളിൽ ഊന്നൽ കൊടുക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിനും ക്രിസ്ത്യാനിത്വത്തിനും ഭീഷണിയാകുന്നു (1 തിമൊ ഥെയൊസ് 4:12-16). മുൻഗണന ക്രമം മാറി പോകുമ്പോൾ ഫല ത്തിലും വ്യത്യാസം വരുമെന്നോർക്കണം.

പൂർവ്വകാല പ്രവാചകന്മാർക്കു തുല്യരാണ് ഇന്നത്തെ ഉപ ദേഷ്ടാക്കന്മാർ. അവരുടെ മുഖ്യ പ്രവൃത്തി ഏതെന്നു അവർ മനസിലാക്കിയിരിക്കണം. ദൈവത്തിന്റെ സന്ദേശം, നഷ്ടപ്പെട്ടു മരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ ആത്മാക്കൾക്കു ലഭിക്ക

ണം. അതിനാണ് ദൈവം അവരെ നിയോഗിക്കുന്നതു (യിരെമ്മ്യാവ് 20:9; 22:29). ഇതു പലരും കാര്യമായെടുത്തു കാണുന്നില്ല.

(ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക! ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്തു ഒരിക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ: ഇനി ദാവിദിന്റെ സിംഹാസനത്തിൽ ഇരുന്നു യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തന്നും ശുഭം വരികയില്ല) എന്നു യഹോവ അരുളിച്ചെയ്യുന്നു. മനുഷ്യൻ എവിടെ കാണപ്പെടുന്നുവോ അവിടെ കർത്താധി കർത്താവും രാജാധി രാജവുമായ ക്രിസ്തുവിന്റെ സുവിശേഷം ആവശ്യമാണ്. അതു സാദ്ധ്യമാക്കുവാൻ സുവിശേഷ പ്രചരണം കൂടിയേ തീരു.

വെള്ളം സമുദ്രത്തിൽ നിറെഞ്ഞിരിക്കുന്നതുപോലെ കർത്താവിന്റെ സുവിശേഷം ഭൂമിയിൽ എല്ലാ ദിക്കിലും നിറെയേണ്ടതുണ്ട്. സമയത്തിലും അസമയത്തിലും സുവിശേഷകന്മാർ അതിനു തയ്യാറാകണം. ഒരു ദൈവ ദാസൻ അഥവാ യഥാർത്ഥ ദൈവ പൈതലിനു പറയാതിരിക്കാൻ പറ്റാത്ത ഒന്നാണ് സുവിശേഷീകരണം. സുവിശേഷം അറിയിക്കാതിരുന്നാൽ എനിക്ക് അയ്യോ കഷ്ടം എന്നാണ് അപ്പൊസ് തലനായിരുന്ന പൗലോസ് പറഞ്ഞത് (1 കൊരിന്ഥഥക്കത 9:16).

ഒരുപദേഷ്ടാവ് ആരായിരിക്കരുത് ഒരു ഔദ്യോഗിക വക്താവ് ആയിരിക്കരുത്. പഴയ നിയമ പ്രവാചക ാരായ ആമോസ്, യിരെമ്മ്യാവ്, ഹബക്കൂക്ക് എന്നിവരിൽ ഒന്നും ആകർഷണിയമായ പള്ളികളോ വില കൂടിയ വസ്ത്രങ്ങളോ ഉണ്ടായിരുന്നി

ല്ല. അരമണിക്കൂറോ അല്ലെങ്കിൽ ഒരു മണിക്കൂറോ പ്രസംഗിച്ചു തീർന്നശേഷം തങ്ങളുടെ വേതനം കൈപറ്റി പോകുന്ന വെറും ഉദ്യോഗസ്ഥരായിരിക്കരുത് യഥാർത്ഥ ഉപദേഷ്ടാക്കന്മാർ.ആളുകൾ എന്തു വിചാരിക്കുമെന്നു കരുതിയാകരുത് അവർ സ്വർഗ്ഗീയ സന്ദേശം അറിയിക്കേണ്ടത്. ഒരു ഔദ്യോഗിക വക്താവായി മാത്രം അറിയപ്പെടുന്ന നാമധേയ ചിന്താഗതി കർത്താവിന്റെ സഭയിലെ ഉപദേഷ്ടാക്കൾക്ക് ഉണ്ടാകരുത്.

തത്തമേ പൂച്ച പൂച്ച എന്നു പറയുന്ന തത്തപോലെ ആകരുത്. നീണ്ടകൊക്കുള്ള പക്ഷിയെ പോലെ ചികഞ്ഞു തിന്നുന്ന സ്വഭാവം ഉള്ളവനാകണം. അതായതു പൂർവ്വ പിതാക്കന്മാരുടെ വചനകളെ അങ്ങനെ തന്നെ കടമെടുക്കുന്നവർ ആകാതെ വചനത്തിലേക്കു ആഴമായി ഇറങ്ങിചെന്നു അന്തർത്ഥം ജനങ്ങളുടെ ഹൃദയങ്ങളിൽ എത്തിക്കണം. എങ്കിലേ വ്യക്തിപരമായി പ്രസംഗത്തിന്റെ ശക്തി മറ്റുള്ളവർക്കു അനുഭവിക്കാൻ പറ്റു.

നാം മറ്റു ഉപദേഷ്ടാക്കന്മാരുടെ രൂപരേഖകളും പഠന സഹായികളും സ്വീകരിക്കാറുണ്ട്. പക്ഷേ രണ്ടാമതു ഉപയോഗിക്കുന്ന ഒരു ശൈലി പിൻപറ്റരുത്. നാം ബൈബിൾ പറയുന്നതായിരിക്കണം വിശ്വസിക്കേണ്ടതു. അല്ലാതെ മറ്റു സുവിശേഷകരുടെ ആശയങ്ങളല്ല. അതിന്റെ അർത്ഥം നാം അതിനെ കുറിച്ച് ശരിയായ പഠനം നടത്തിയിരിക്കണം എന്നത്രെ. ക്രിയാത്മകമായ വിമർശനത്തെ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെടുന്നതാണ് ഉപദേഷ്ടാക്കൾക്കു സംഭവിക്കുന്ന കുഴപ്പം. നാം പറയുന്നതെന്തും നമ്മുടെ അഭിപ്രായം പോലും അതേപടി എല്ലാവരും സ്വീകരിക്കണമെന്നു വാശി പിടിക്കരുത്. അതു തികച്ചും ബാലി

ശമാണ്. കാരണം നാം ഉപദേഷ്ടാക്കന്മാരും മനുഷ്യരാണ്. നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ സത്യസന്ധമായ വിമർശനത്തെ നാം അംഗീകരിക്കും. നമുക്കും തെറ്റു പറ്റാമെന്നു തിരിച്ചറിയണം. നമ്മുടെ ഏക മഹാപുരോഹിതൻ മാത്രമെ പൂർണ്ണതയുള്ളവനായിട്ടുള്ളു.

ശക്തമായ ഉറപ്പ് നമ്മിലില്ലെങ്കിൽ നാം ഏറേ കാലം സുവാർത്താ സുവിശേഷകരമായി നിലനില്ക്കുകയില്ല. നാം മധുരമായി സംസാരിക്കണമെന്ന് ഭൂരിഭാഗം പേരും ആഗ്രഹിക്കുന്നത്. നാം അങ്ങനെ ചെയ്യുമ്പോൾ അവർ നമ്മെ പുകഴ്ത്തും (യെശയ്യാവ് 30:10;1 തെസലൊനിക്യർ 2:5). ദുരുപദേഷ്ടാക്കൾ മാത്രമെ ജനസമൂഹത്തിൽ അറിയപ്പെടുകയുള്ളു എന്നു യേശു തന്നെ മുന്നറിയിച്ചിട്ടുണ്ട് (ലൂക്കൊസ് 6:26). നാം സത്യം മനസിലാക്കി അറിഞ്ഞു പ്രസംഗിക്കുമ്പോൾ ബലഹീനന്മാർക്കു അതു ഇടർച്ചയായി തോന്നും. നാം മനുഷ്യരെയല്ല ദൈവത്തെയാണ് പ്രസാദിപ്പിക്കേണ്ടതു എന്നോർക്കുക. കർത്താവിനോടു വിധേയത്വം പുലർത്തി സത്യം മാത്രം അറിയിക്കുന്ന ഒരാൾക്കു ജനങ്ങളുടെ കയ്യടിയോ ട്രോഫിയോ കിട്ടുകയില്ല. യോഹന്നാൻ സ്നാപകനോടും യിരെമ്മ്യാവിനോടും ചോദിച്ചാൽ അതു മനസിലാകും. വിശ്വസ്തരായ സുവിശേഷകർക്കു നീതിയുടെ കിരീടം പ്രതിഫലമായി കിട്ടും എന്നതു ഉറപ്പാണ് (ഗലാത്യർ 1:10; 4:16).

നാം ദൈവത്തിന്റെ അരുളപ്പാട് മാത്രം പ്രസ്താവിക്കുമ്പോൾ അതു കേൾക്കുന്നവർക്കു പ്രയോജനപ്പെടും (1പത്രോസ് 4:11). നിർമ്മല സത്യം തുറന്നു സംസാരിക്കുമ്പോൾ നാം ശക്തരായ സന്ദേശ വാഹകരായിരിക്കും.

✶

# വിശ്വാസം തെളിയിക്കുന്നതു പ്രവർത്തി

**ജോണി രാംസെ**

വിശ്വാസികൾ എന്ന ലേബലിൽ അറിയപ്പെടുന്നവർ ധാരാളമുണ്ട്. വൈരുദ്ധ്യങ്ങൾ വെച്ചു പുലർത്തി ദൈവ വിശ്വാസികളായി അറിയപ്പെടുന്നവർ ഉണ്ട്. ദൈവത്തിലും പിശാചിലും വിശ്വസിക്കുന്നവർ ഉണ്ട്. ശരിയായ വിശ്വാസം എന്താണെന്നും അതെങ്ങനെ തിരിച്ചറിയാമെന്നും നാം അറിഞ്ഞിരിക്കണം. പരീക്ഷണാർത്ഥം തെളിയിക്കേണ്ട കാര്യങ്ങളിൽ ഒന്നാണ് വിശ്വാസവും. പുതിയ നിയമ പുസ്തകങ്ങളിലെ പരിവർത്തന ഭാഗങ്ങളും, ആരംഭ ക്രിസ്ത്യാനികളുടെ ജീവിതവും നാം പരിശോധിക്കേണ്ടതുണ്ട്.രക്ഷിക്കപ്പെട്ടവർ സത്യം മനസിലാക്കിയവരായിരുന്നതിനാൽ അവർ പരസ്യമായും വീടുകൾ തോറും വചനം ഉപദേശിച്ചുകൊണ്ടിരിക്കുന്നു (പ്രവൃത്തി 5:42). ക്രിസ്തുവിന്റെ അപ്രമേയ ധനമായിരുന്നു അവർ മറ്റുള്ളവർക്കു വിളമ്പി കൊടുത്തത് (എഫെസ്യർ 3:8-11). ക്രിസ്തുവിന്റെ മഹത്തായ ആജ്ഞയുടെ പ്രാധാന്യം അവർ പൂർണ്ണ ഗൗരവത്തോടെ എടുത്തു (മത്തായി 28:18-20). അവർ സ്വീകരിച്ച രക്ഷാ സുവിശേഷം മറ്റുള്ളവരേയും വീണ്ടെടുക്കുന്നതിനായി അവർ ഉപയോഗിച്ചു. അവരുടെ കാലയളവിൽ ലോകത്തിൽ എങ്ങും സുവിശേഷം എത്തിക്കാൻ കഴിഞ്ഞു.

ചുരുങ്ങിയ കാലം കൊണ്ട് ചുരുക്കം പേർക്കു ഈ വലിയ കാര്യം എങ്ങനെ സാദ്ധ്യമായി? ദാരിദ്യം, ഉപദ്രവം, യെഹൂദ മതത്തിന്റെ എതിർപ്പ്, തത്വചിന്തകന്മാരുടെയും റോമാ ഭരണ കൂടത്തിന്റേയും ജാതികളുടേയും എതിർപ്പുകളെ അവർക്കു അതിജീവിക്കേണ്ട സാഹചര്യത്തിലായിരുന്നു അവരുടെ ആത്മിയ സേവനം അഥവാ ദൈവിക ശുശ്രൂഷ. സുവിശേഷത്തിനുള്ള വാതിൽ തുറന്നിരിക്കുന്നതും ഉപദ്രവം അവരുടെ വിശ്വാസത്തിന്റെ ഭാഗമായി അവർ തിരഞ്ഞെടുത്തു (1 കൊരിന്ത്യർ 16:9). കൈസരുടെ അരമനയിലുള്ള വിശുദ്ധന്മാരെ കുറിച്ചുപോലും പൗലോസിന്നു എഴുതുവാൻ കഴിഞ്ഞു തടവിലാക്കപ്പെട്ടവർ അവിടെയും സത്യ വചനത്തെ അറിയിച്ചിരുന്നു. സുവിശേഷം അറിയിക്കുന്നതിനു അവർക്കു യാതൊന്നും തടസമായിരുന്നില്ല. അതായിരുന്നു ദൈവ വചനത്തിൽ അവർക്കുണ്ടായിരുന്ന വിശ്വാസം.

ഫേലിക്സിനോടും അഗ്രിപ്പാ രാജാവിനോടും സുവിശേഷം പ്രസംഗിക്കുവാൻ ധൈര്യം കാണിച്ച വീരനായകനായിരുന്നല്ലൊ അപ്പൊസ് തലനായിരുന്ന പൗലോസ് (പ്രവൃത്തി 24:25: 26:29). അതേ വചനം ഇന്നും പാപികൾക്കു കർത്താധി കർത്താവും രാജാധി രാജാവുമായ ക്രിസ്തുവിനെ അനുസരിപ്പാൻ പ്രേരക ശക്തി തന്നെ (വെളിപ്പാട് 17:14). കർത്താവിന്റെ സംരക്ഷണത്തിലും, അവന്റെ വീണ്ടെടുപ്പിൻ സ്നേഹത്തിലും, വിലമതിക്കാനാകാത്ത കൃപയിലും നമുക്കു സന്തോഷിക്കാൻ കഴിയണം. നമുക്കു മാത്രമല്ല, എല്ലാവർക്കും അതു ലഭ്യമാക്കണം. ആരുടേയും വിശ്വാസം മറച്ചു പിടിക്കേണ്ടതല്ല. ക്രിസ്തുവിലുള്ള ഒരാളുടെ വിശ്വാസം രഹസ്യമായി വെക്കേണ്ടതല്ല.

പുതിയ നിയമത്തിൽ അപ്പൊസ്തല പ്രവർത്തികൾക്കു ഒരു പ്രത്യേക സ്ഥാനം തന്നെയുണ്ട്. അതിനു പല കാരണങ്ങൾ കണ്ടെത്താൻ കഴിയും. പ്രവചന നിവർത്തീകരണവും തുടർന്നുണ്ടാകുന്ന ചരിത്ര സംഭവങ്ങളും ഇതിൽ നമുക്കു വായിക്കാം. മറ്റു പുസ്തകങ്ങൾക്കുള്ള പശ്ചാത്തലം ഒരുക്കുന്ന പുതിയ നിയമത്തിലെ ചരിത്ര പുസ്തകം എന്നു അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകത്തെ വിലയിരുത്താം. ഗലാത്യ ലേഖനം, അപ്പൊസ്തല പ്രവൃത്തികൾ 13,14 എന്നീ അദ്ധ്യായങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. പൗലോസിന്റെയും ബർന്നബാസിന്റെയും പ്രഥമ സുവിശേഷ യാത്രയെയും പരാമർശിക്കുന്നുണ്ട്. 16-ാം അദ്ധ്യായത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഫിലിപ്പിയർക്കു ലേഖനം എഴുതുന്നതെങ്കിൽ 17-ാം അദ്ധ്യായം തെസലൊനിക്യരെ പരിചയപ്പെടുത്തുന്നു. അപ്പൊസ്തല പ്രവൃത്തി 18-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതുപോലെ ക്രിസ്ത്യാനിത്വത്തിന്റെ ശോഭയുള്ള പ്രാരംഭം തെളിയിക്കുന്നതാണ് ഒന്നും രണ്ടും കൊരിന്ത്യർക്ക് എഴുതിയ ലേഖനങ്ങൾ. പ്രവൃത്തി 19,20 എന്നീ അദ്ധ്യായങ്ങളിലെ വസ്തുതകൾ ഊന്നിയാണ് എഫെസ്യർക്കു ലേഖനമെഴുതുന്നത്.

പുതിയ നിയമത്തെ മുഖ്യമായി നാലായി തരം തിരിക്കുകയാണെങ്കിൽ വളരെ പ്രയോജനപ്പെടും. മത്തായി എഴുതിയ സുവിശേഷം മുതൽ യോഹന്നാൻ എഴുതിയ സുവിശേഷം വരെ യേശുക്രിസ്തുവിൽ നിന്നു പഠിക്കേണ്ടതായ ഉപദേശങ്ങളും അനുസരിക്കേണ്ട കല്പനകളും അടങ്ങുന്നു. രണ്ടാമതായി, എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്നു അപ്പൊസ്തല

പ്രവർത്തികളുടെ പുസ്തകം വ്യക്തമാക്കുന്നു. മൂന്നാമതായി, റോമാ ലേഖനം മുതൽ യൂദയുടെ ലേഖനം വരെ വായിച്ചാൽ ക്രിസ്തീയ ജീവിതം നയിക്കേണ്ടതെങ്ങനെ എന്നു പഠിപ്പിക്കുന്നതു മനസിലാകും. നാലാമതായി വെളിപ്പാട് പുസ്തകമാണ്. ക്രിസ്തീയ ജീവിതത്തിൽ അടങ്ങിയിരിക്കുന്ന മഹത്തായ പ്രത്യാശയെ ബോധ്യപ്പെടുത്തിയിരിക്കുന്ന ദൈവിക അരുളപ്പാടാണത്.

പരിവർത്തനങ്ങളുടെ വിവരണങ്ങൾ നല്കുന്ന ഈ പുസ്തകത്തിൽ ദൈവത്തിന്റെ രക്ഷാപദ്ധതിയും അടങ്ങിയിട്ടുണ്ട്. അതു യേശു തന്റെ ശിഷ്യന്മാരെ മുൻപു പഠിപ്പിച്ചതും അവർ അതു എല്ലാവരോടും പ്രഖ്യാപിച്ചിട്ടുള്ളതും ആകുന്നു. അതിന്റെ പ്രസക്തി കർത്താവിന്റെ വീണ്ടും വരവുവരെയാണ്. തിരിച്ചറിവുള്ള, സുവിശേഷയുഗത്തിൽ ജീവിക്കുന്ന എല്ലാവരും ദൈവിക പദ്ധതി അനുസരിക്കേണ്ടതാണ്.

1 ക്രിസ്തുവിന്റെ മഹത്വകരമായ സുവിശേഷ സന്ദേശത്തിൽ വിശ്വസിക്കണം. ഇല്ലെങ്കിൽ ആളുകൾ അവരുടെ പാപങ്ങളിൽ മരിക്കും (യോഹന്നാൻ 8:24; പ്രവൃത്തി 16:31; മർക്കൊസ് 16:16).

2 ഒന്നുകിൽ മാനസാന്തരപ്പെടുക അല്ലെങ്കിൽ നശിക്കുക (ലൂക്കൊസ് 13:35; പ്രവൃത്തി 8:12; 8:26-39; 22:16; ഗലാത്യർ 3:27).

3 യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുക (പ്രവൃത്തി 8:12; 8:29-39; 22:16; ഗലാത്യർ 3:27).

4 രക്ഷകനോടുള്ള വിധേയത്വവും വിശ്വസ്തതയും അന്ത്യത്തോളം സൂക്ഷിക്കുക (വെളിപ്പാട് 2:10; ഗലാത്യർ 6:9; പത്രോസ് 3:17, 18).

കർത്താവു പണിതതായ അവന്റെ സഭയുടെ സ്ഥാപനം വളരെ ശക്തമായി സൂചിപ്പിക്കുന്ന പുസ്തകമാണ് അപ്പൊസ്തല പ്രവർത്തികൾ ആ സഭയോടു അവൻ രക്ഷിക്കപ്പെടുന്നവരെ ചേർക്കുന്നതായും പറയുന്നുണ്ട് (മത്തായി 16:18; പ്രവൃത്തി 2:47). രക്തത്താൽ സമ്പാദിച്ചതായ സഭയുടെ മനോഹാരിതയും ആവശ്യകതയും ഈ ഭാഗങ്ങളിൽ തറപ്പിച്ചു പ്രതിപാദിച്ചിട്ടുണ്ട് (പ്രവൃത്തി 20:28). സഭയിലാണു ക്രിസ്തുവിനു മഹത്വം കരേറ്റുന്നത് (എഫെസ്യർ 3:20).

ഒരാൾ തന്റെ വിശ്വാസം അനുസരണത്തിലൂടെയാണ് തെളിയിക്കുന്നതു. സ്നേഹവും അങ്ങനെ തന്നെ. പ്രവർത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്. വിശ്വാസം പൂർണ്ണമാകുന്നതു ക്രിയയിലൂടയൊണ്. പരിവർത്തനങ്ങളുടെ പുസ്തകം എന്നാണ് അപ്പൊസ്തലപ്രവൃത്തികൾ അറിയപ്പെടുന്നത്. യേശു തന്റെ ദൗത്യ നിർവ്വഹണത്തിനായി തിരഞ്ഞെടുതതവരായിരുന്നു അവന്റെ ശിഷ്യന്മാർ, കർത്താവിനാൽ അയക്കപ്പെട്ടവരായതിനാലാണ് അവരെ അപ്പൊസ്തലന്മാർ എന്നു വിളിച്ചത്, സകല മേഖലയിൽ നിന്നു തിർഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. അവർ ചെയ്ത പ്രവൃത്തികൾ എന്നു പറയുമ്പോൾ, മുഖ്യമായും അവരുടെ പ്രവൃത്തികൾ ആത്മികമായിരുന്നു.

പ്രാരംഭ ഘട്ടത്തിൽ അവർക്ക് പരിശുദ്ധാത്മ ശക്തി നൽകിയത് അവരുടെ വാക്കുകൾ ദൈവത്തിൽനിന്നായിരുന്നു എന്നു

ഉറപ്പിക്കുന്നതിനായിരുന്നു. അപ്പൊസ്തലന്മാർ ജനത്തോട് അറിയിച്ചത് ദൈവത്തിന്റെ രക്ഷാ സന്ദേശം ആയിരുന്നു. ലോകത്തിൽ എങ്ങും അവർ പോയി സുവിശേഷം സകല ജാതികളോടും പ്രസംഗിച്ചു. യേശുക്രിസ്തുവിന്റെ സകല കൽപനകളും അനുസരിക്കുവാനായിരുന്നു അവർ ജനത്തോട് ആവശ്യപ്പെട്ടത്. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവക്കാതെയാണ് അവർ പ്രസംഗിച്ചത്. അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാനുള്ള അധികാരവും അവർക്ക് ലഭിച്ചിരുന്നു. ഉ.യർത്തെഴുന്നേൽപിനു സാക്ഷികളായി തീർന്ന അപ്പൊസ്തലന്മാർക്ക് പ്രത്യേക ഊർജം കർത്താവിൽനിന്നു ലഭിച്ചതായി അവരുടെ തുടർന്നുള്ള പ്രസംഗങ്ങളിൽ നമുക്ക് കാണാം.

അവർ യാതൊരു മടിയും, ഭയവും രൂടാതെ ധൈര്യത്തോടെ ക്രിസ്തുവിനെ പ്രസംഗിച്ചുപോന്നു. ആത്മാക്കളുടെ രക്ഷ വിലയേറിയതാകയാൽ അവരുടെ ഏകലക്ഷ്യം അതായിരുന്നു. ഇന്നും ആത്മാക്കളുടെ രക്ഷക്ക് അത് തന്നെയാണുള്ളത്. നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ കർത്താവിന്റെ സഭയിലെ ആരെയെങ്കിലും ബന്ധപ്പെട്ടാൽ അവര് നിങ്ങളെ സഹായിക്കും. സത്യോപദേശം മാത്രമെ അനുസരിക്കാവു.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:

P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378